**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**

(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീ കലാധരൻ, പൊന്തംചീനിക്കൽ, കയറംകോടം, മുണ്ടൂർ എന്നയാൾ നവകേരള സദസ് മുമ്പാകെ നൽകിയ പരാതി

2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 18/01//2024 തിയതിയിലെ തീരുമാനം

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 19/01/2024**

ശ്രീ കലാധരൻ, പൊന്തംചീനിക്കൽ, കയറംകോടം, മുണ്ടൂർ എന്നയാൾ നവകേരള സദസ് മുമ്പാകെ, മുണ്ടൂർ ഗ്രാമപഞ്ചായത്തിൽ നിന്നും, അയൽവാസിയുടെ സ്ഥല അതിർത്തിയിൽ നിന്നും വേണ്ടത്ര അകലം പാലിക്കാത്തതുകൊണ്ട് കെട്ടിടനമ്പർ അനുവദിച്ചില്ലെന്നും, പുതിയ കെട്ടിട നമ്പർ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ പരാതി പരിശോധിച്ചു. പരാതിക്കാരനെ കേട്ടു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. അയൽവാസിയുടെ സ്ഥല അതിർത്തിയിൽ നിന്നും വേണ്ടത്ര അകലം പാലിക്കാത്തതുകൊണ്ട് - ചട്ടപ്രകാരം 1 മീറ്റർ വേണ്ടിടത്ത് 5 മുതൽ 15 സെന്റിമീറ്റർ മാത്രമേ ഉള്ളൂ എന്നതിനാൽ - കെട്ടിടനമ്പർ നൽകാൻ കഴിയുകയില്ല എന്ന് LID&EW വിഭാഗം റിപ്പോർട്ട് ചെയ്തതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അയൽവാസിയിൽ നിന്നും NOC ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ, സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ നിയമാനുസൃതമാക്കുന്നതിനുള്ള ചട്ടം പുറപ്പെടുവിക്കുന്ന മുറക്ക് അത് പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും, അത് ചട്ടപ്രകാരം പരിഗണിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു. അതുവരെ KPR Act Sec. 235AA പ്രകാരം താൽക്കാലികനമ്പർ നൽകി തുടർനടപടികൾ സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

കെ സതീഷ് കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട്

പകർപ്പ്: ശ്രീ കലാധരൻ, പൊന്തംചീനിക്കൽ, കയറംകോടം, മുണ്ടൂർ